ഉത്തരം

(എ) 676 . 21 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) എല്ലാ മണ്ണുതല സംരക്ഷണ പ്രവർത്തനങ്ങളും വാട്ടർഷെഡ് അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രദേശത്തെ കാർഷിക ഭൂമി, കാർഷികേതര ഭൂമി, തോടുകൾ എന്നിങ്ങനെ തരംതിരിച്ച് ഓരോ പ്രദേശത്തിനും യോജിച്ച മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. മണ്ണൊലിപ്പു കൂടുതലുള്ള പ്രദേശങ്ങളിൽ മരാമത്തു പണികൾ കൂടുതലായി ചെയ്യുകയും അവ ബലപ്പെടുത്തുന്നതിനു സസ്യങ്ങൾ കൊണ്ടുള്ള വിവിധ മണ്ണുസംരക്ഷണ മുറകളും ചെയ്തുവരുന്നു. കർഷകരുടെ അഭിപ്രായങ്ങൾക്കു മുൻഗണന നല്കി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിവിധ തരത്തിലുള്ള പുരയിടീൽ, സമ്മിശ്രകൃഷി, ബഹുനില കൃഷി, കോണ്ടൂർ കൃഷി രീതികൾ, പുല്ലും പയറും നട്ടുവളർത്തൽ, ഇടവരി കൃഷി, ആവരണ വിളകൾ എന്നിങ്ങനെ വിവിധ കാർഷിക രീതികളും, കൊണ്ടൂർ ട്രഞ്ചുകൾ, കൊണ്ടൂർ മണ്ണുകയ്യാലകൾ, കൊണ്ടൂർ കല്ലുകയ്യാലകൾ, സസ്യാവരണചാലുകൾ, വേലികൾ, ചെറിയ ജല സംഭരണ കുഴികൾ, മഴവെള്ളം ശേഖരിച്ചു വയ്ക്കുന്നതിനുള്ള ചെറിയ കുളങ്ങൾ, ചകിരി ട്രഞ്ചുകൾ, കാർഷിക വനവൽക്കരണം തുടങ്ങിയ മണ്ണു സംരക്ഷണ മാർഗ്ഗങ്ങളും യുക്താനുസരണം കാർഷിക ഭൂമിയിലും, കാർഷികേതര ഭൂമിയിലും അവംലംബിക്കുന്നു. തോടുകളുടെ സംരക്ഷണത്തിനും നിയന്ത്രണത്തിനും ചരിവിന്റെ അടിസ്ഥാനത്തിൽ ബ്രഷ് ഉഡ് ഡാം, സസ്യങ്ങൾ കൊണ്ടുള്ള ജൈവ ചെക്കു ഡാമുകളും പാറക്കല്ലുകൊണ്ടുള്ള അണകൾ, കടൽഭിത്തികൾ, സസ്യങ്ങൾ വെച്ചു പിടിപ്പിച്ചുകൊണ്ടുള്ള പാർശ്വസംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ ചെയ്തുവരുന്നു.

(സി) ഓരോ പ്രദേശത്തിനും അനുയോജ്യമായ ചെലവു കുറഞ്ഞ നടപടികളാണ് നടപ്പാക്കി വരുന്നത്.

(ഡി&ഇ) ഈ ആവശ്യത്തിനായി രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ കീഴിലില്ല. എന്നാൽ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഊട്ടി, ബെല്ലാറി ഹസാരിബാഗ്, ഡെറാഡൂൺ എന്നിവിടങ്ങളിൽ സെൻട്രൽ സോയിൽ ആന്റ് വാട്ടർ കൺസർവേഷൻ റിസർച്ച് ഡെമോൺസ്ട്രേഷൻ ട്രെയിനിംഗ് സെന്ററിൽ മണ്ണൊലിപ്പ് തടയുന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നുണ്ടെന്ന് അറിവായിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമല്ല.

ഓട്ടുമലയിലെ അഗ്രോ സർവ്വീസ് സെന്റർ

152 (1207) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പൂയപ്പള്ളി പഞ്ചായത്തിലെ ഓട്ടുമല ഐ.എച്ച്.ഡി.പി. കോളനിക്കുവേണ്ടി പണി കഴിപ്പിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സർവ്വീസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള അഗ്രോ സർവ്വീസ് സെന്റർ കമ്മിറ്റി വിളിച്ചു കൂട്ടാതിരുന്നതിനാലാണ് പ്രവർത്തനം തുടങ്ങാൻ കാലതാമസമുണ്ടായത് എന്ന് അന്വേഷണത്തിൽ അറിയുന്നു. കമ്മിറ്റി വിളിച്ചുകൂട്ടി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സീഡ് ഫാം വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടി

153 (1208) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പുല്ലാട് സർക്കാർ സീഡ്ഫാമിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന സ്വകാര്യവ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സീഡ്ഫാം വികസിപ്പിക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കണമെന്ന് ആരുടെയെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആരാണ് നിവേദനം നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) സീഡ് ഫാമിനോട് ചേർന്നുകിടക്കുന്ന സ്ഥലം ഏറ്റെടുക്കണമെന്ന് കൃഷി വകുപ്പു ഡയറക്ടറുടെ 25-6-1999-ലെ ഡി. എച്ച്. 1-14265/96 നമ്പർ കത്തിൽ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ജി) കൃഷിവകുപ്പ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ചു കിട്ടിയ പരാതിയിന്മേൽ ജില്ലാകളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly